**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 10**

**Date : 10.06.2025**

## MJSSA കലോത്സവം 2025

### ജൂണിയർ ( Date of Birth 01.01.2013 to 31.12.2016 )

## " നന്മ ചെയ്യുന്നതിൽ നാം അലസരാകരുത് "
## ( ഗലാത്യർ 6:9 )

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.ജോർജ്ജ് എം.ജേക്കബ് കരിപ്പാൽ പുത്തൻപുരയിൽ,
റവ.ഫാ.അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ എന്നിവർ തയ്യാറാക്കിയ
ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ
-------------------------------------- ---

**Prepared By**



**Rev. Fr. Abhilash Abraham Valiyaveettil**

**Vicar**
**St.John's Jacobite Syrian Church**
**Kumarakom**



**Rev. Fr. George M. Jacob Karippal Puthenpurayil**

**Vicar**
**St.Mary's Jacobite Syrian Church**
**Areeparampu**

**Assistant Vicar**
**St.Ignatious Chappel Kattuvettickal**

KOTTAYAM
10.06.2025

**ഓരോ വിഷയത്തെക്കുറിച്ചും നൽകിയിട്ടുള്ള രണ്ട് പ്രസംഗങ്ങളും കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക ( Junior – 4 Minutes )**

## പ്രസംഗം - 1

ത്രിയേക ദൈവത്തിനു സ്തുതി. ഇന്ന് എനിക്ക് നിങ്ങളോട് സംസാരിക്കാൻ കിട്ടിയിരിക്കുന്ന വിഷയം ഗലാത്യ ലേഖനം 6-ാം അദ്ധ്യായം 9-ാം വാക്യമാണ്, " നന്മ ചെയ്യുന്നതിൽ നാം അലസരാകരുത് ". ഈ വിഷയത്തെക്കുറിച്ച് എന്റെ ഹൃദയത്തിൽ തോന്നുന്ന ഏതാനും ചില കാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

വിശുദ്ധ പൗലോസിനാൽ രചിക്കപ്പെട്ട ഈ ലേഖനം ക്രൈസ്തവ വിശ്വാസ സംഹിതയിലെ ഈടുറ്റ ഒരു രചനയായി വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു. ഗലാത്യ ക്രിസ്ത്യാനികളുടെ അടുക്കൽ യഹൂദാ മതാനുസാരികൾ ചെന്ന് വി.പൗലോസിന് ദൈവത്തിൽ നിന്നുള്ള ശ്ലൈഹീകത്വം ഇല്ലെന്നും, ഗലാത്യർ പരിച്ഛേദന ഏൽക്കണമെന്നും യഹൂദ മതാചാരങ്ങൾ അനുഷ്ഠിക്കണമെന്നും ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ ദുരുപദേശങ്ങളെ നീക്കുന്നതിനായിട്ടാണ് ഗലാത്യർക്ക് അപ്പോസ്തോലൻ ലേഖനം എഴുതിയത്. പാഷാണ്ഡതകളെ എതിർക്കുന്നതിനോടൊപ്പം ക്രിസ്തീയ മൂല്യ സംരക്ഷണത്തിൽ ഊന്നിക്കൊണ്ട് ദൈവോന്മുഖരായി ദൈവീക നന്മകളെ പരസ്പര വിധേയത്വത്തോടെ പങ്കുവെക്കുവാൻ പൗലോസ് അപ്പോസ്തോലൻ ഉദ്ബോധിപ്പിക്കുന്നു.

Kottayam Diocese Kottayam Diocese Kottayam Diocese

ഗലാത്യ ലേഖനം 5-ാം അദ്ധ്യായം ജഢീക സ്വഭാവമുള്ള മനുഷ്യന്റെ അവസ്ഥകളും, ആത്മീയ ജീവിതത്തിന്റെ ഔന്നത്യവും വെളിവാക്കുമ്പോൾ, 6 -ാം അദ്ധ്യായം ആത്മീക മനുഷ്യന്റെ ഉത്തരവാദിത്വങ്ങളും കടമകളും വിളിച്ചുപറയുന്നു. ആറാം അദ്ധ്യായം 9 -ാം വാക്യത്തിൽ നാം വായിക്കുമ്പോൾ വ്യക്തിപരമായ വിശുദ്ധിയിൽ നിന്ന് നന്മയിലേക്ക് വളരുവാൻ ശക്തമായ ഒരു ആഹ്വാനം നമുക്ക് നൽകുകയാണ്. ഗലാത്യസഭയിലെ ഭിന്നതകൾ പരസ്പരമുള്ള സ്നേഹത്തിൽ നിന്ന് അവരെ പിന്തിരിപ്പിച്ചിരുന്നു. ഈ അവസരത്തിൽ ദൈവമക്കൾ നന്മ ചെയ്യാൻ കടപ്പെട്ടവരാണെന്ന് അപ്പോസ്തോലൻ ശക്തമായി ഓർമ്മപ്പെടുത്തുകയാണ്.

ഇവിടെ പ്രസക്തമായ ഒരു ചോദ്യം, നാം എന്തുകൊണ്ട് മറ്റുള്ളവർക്ക് വിശേഷാൽ സഹവിശ്വാസികൾക്ക് നന്മ ചെയ്യണം? അതിന് **പ്രധാനമായും രണ്ട് കാരണങ്ങളാണ് ഉള്ളത്.**

**ഒന്നാമതായി**, എല്ലാ നന്മ പ്രവർത്തികൾക്കും ഒരു സാമൂഹികമാനവും ദൈവീക ഭാവവും ഉണ്ട്. **എഫേസ്യർ 2:10**-ൽ നാം ഇങ്ങനെയാണ് വായിക്കുന്നത് "ദൈവം മുന്നമെ ഒരുക്കിയ സൽകർമ്മങ്ങൾക്കായിട്ട്

യേശുമ്ശിഹായിൽ സൃഷ്ടിക്കപ്പെട്ട അവന്റെ സൃഷ്ടിയാകുന്നു നാം". ദൈവീകമായ സ്വഭാവത്തിന്റെ പ്രതിഫലനം ദൈവത്തോട് ചേർക്കപ്പെട്ടിട്ടുള്ള നമ്മിൽ നിന്ന് സമൂഹമാഗ്രഹിക്കുന്നുണ്ട് അപ്രകാരമുള്ള നന്മ നമ്മളിലൂടെ സമൂഹത്തിൽ എത്തണമെന്ന് ദൈവവും ആഗ്രഹിക്കുന്നുണ്ട് . **വി: മത്തായി 5:16**-ൽ ഇങ്ങനെ നാം വായിക്കുന്നു. "മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടിട്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ പുകഴ്ത്തുവാൻ തക്കവണ്ണം നിങ്ങളുടെ പ്രകാശം അവരുടെ മുമ്പിൽ വിളങ്ങട്ടെ". നാം ചെയ്യുന്ന ആത്മീക ഭൗതിക നന്മയിലൂടെ ദൈവത്തിന്റെ സ്നേഹവും കരുതലും സമൂഹത്തിലേക്ക് വ്യാപരിക്കുന്നു എന്നുള്ളത് നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. *നാം ദൈവത്തിൽ നിന്ന് സ്വീകരിക്കുന്ന ദൈവീക നന്മകൾ സമൂഹത്തിന്റെ വിവിധ മേഖലകളിലേക്ക് വിശേഷാൽ സഹവിശ്വാസികളിലേക്ക് വ്യാപരിക്കേണ്ടത് ആവശ്യമാണ്.* അതിലൂടെ മാത്രമേ ക്രിസ്തീയമായ പങ്കുചേരൽ അർത്ഥവത്താവുകയുള്ളൂ. ഈയൊരു യാഥാർത്ഥ്യം നാം തിരിച്ചറിയുകയും പുനർചിന്തനം നടത്തുകയും, ദൈവഹിതത്തിനോട് അനുരൂപപ്പെട്ട് നന്മയിൽ വ്യാപരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു തമ്പുരാൻ പറഞ്ഞതുപോലെ സ്വർഗ്ഗരാജ്യത്തിന്റെ സന്തോഷം നമ്മുടെ ഇടയിൽ അനുഭവവേദ്യമായി തീരും.

Kottayam Diocese Kottayam Diocese Kottayam Diocese

**രണ്ടാമതായി**, എല്ലാ പ്രവർത്തികൾക്കും ഒരു പ്രതിഫലം ഉണ്ട് എന്നുള്ള തിരിച്ചറിവ് നന്മ ചെയ്യാൻ നമ്മെ നിർബന്ധിക്കുന്നു. ഗലാത്യർ 6:9-ൽ തുടർന്ന് പറയുന്നു, "എന്തെന്നാൽ കൊയ്ത്തുകാലം വരും. അപ്പോൾ നമുക്ക് മടുപ്പുണ്ടാകരുത് ". അപ്പോസ്തോലൻ ഇത് ഓർമ്മിപ്പിക്കുന്നത് ഒരു പ്രതിഫലത്തിന്റെ അടിസ്ഥാനത്തിലാണ് എന്നുള്ളത് നാം വിസ്മരിക്കരുത്. ഇതേ ആശയം **കൊലോസ്യ ലേഖനം 3: 23, 24 വാക്യത്തിൽ** അപ്പോസ്തോലൻ ആവർത്തിക്കുന്നുണ്ട് "നിങ്ങൾ ചെയ്യുന്നതെല്ലാം പൂർണമനസ്സോടെ ചെയ്യുവിൻ. നിങ്ങൾ നമ്മുടെ കർത്താവിൽ നിന്നും അവകാശത്തിൻ പ്രതിഫലം പ്രാപിക്കുമെന്ന് അറിഞ്ഞു കൊള്ളണം".

പ്രീയപ്പെട്ടവരെ ഓരോ പ്രവർത്തിക്കും പ്രതിഫലം ഉണ്ടെങ്കിൽ നന്മയുടെ മേഖല നമ്മിൽ നിന്ന് അന്യവൽക്കരിക്കപ്പെടാതിരുന്നാൽ ദൈവീകമായ കൃപയുടെയും ദൈവീകമായ അനുഗ്രഹത്തിന്റെയും വാതിലുകൾ നമുക്ക് വേണ്ടി തുറക്കപ്പെടും. ഓരോരുത്തരും മറ്റുള്ളവരെ കരുതി ദൈവം നൽകുന്ന നന്മയിൽ നിന്ന് പങ്കുവെക്കുന്ന ഒരു ദേഹവത്താകുന്ന ആത്മീകതയിലേക്ക് നാം വളരുമ്പോൾ അതിലൂടെ ദൈവരാജ്യത്തിന്റെ സ്നേഹം ലോകം മുഴുവനും വ്യാപരിക്കുന്നു. കൂടാതെ പരിശുദ്ധ സഭയുടെ യശസ്സ് ലോകത്തിനു മുന്നിൽ ഉയരുകയും ചെയ്യുന്നു. അതുകൊണ്ട് നന്മ ചെയ്യുന്നതിൽ അലസരാകാതെ പരിശുദ്ധാത്മ കൃപയാൽ പ്രവർത്തനനിരതമായ ഒരു ക്രിസ്തീയ ജീവിതം നയിച്ച് ദൈവീക ശോഭയുള്ളവരായി ഈ ലോകത്തിനു മുന്നിൽ ജ്യോതിസ്സുകളായി വിളങ്ങുവാൻ സ്വർഗ്ഗത്തിലെ ദൈവം നമ്മെ എല്ലാം സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ദൈവനാമം മഹത്വപ്പെടട്ടെ.

--------------------------------------------------------------------------------------

## പ്രസംഗം - 2

ത്രിയേക ദൈവത്തിന് സ്തുതി.

ബഹുമാന്യ സദസ്സിന് നമസ്കാരം. ഇന്നത്തെ എന്റെ പ്രസംഗ വിഷയം ഗലാത്യ ലേഖനം 6-ാം അദ്ധ്യായം 9-ാം വാക്യമാണ്, " നന്മ ചെയ്യുന്നതിൽ നാം അലസരാകരുത് ". ആയതിനെക്കുറിച്ച് ഏതാനും ചില കാര്യങ്ങൾ പറഞ്ഞു കൊള്ളട്ടെ

യഥാർത്ഥത്തിൽ ദൈവ ആത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് മനുഷ്യൻ ജീവിക്കാതെ വരുമ്പോൾ, നന്മ ചെയ്യുന്നതിലുള്ള തീക്ഷ്ണതയും കുറയും. ദൈവത്തിന്റെ ആത്മാവ് നമ്മളിൽ വസിക്കുമ്പോഴാണ് ദൈവസ്നേഹം നമ്മളിൽ വളരുന്നത്. പൗലോസ് ശ്ലീഹാ **റോമർക്കെഴുതിയ ലേഖനം 5:5** ൽ കാണുന്നത് പോലെ " നമുക്ക് ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവുമൂലം, ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങൾ മേൽ ചൊരിഞ്ഞിരിക്കയത്രെ". *ദൈവസ്നേഹത്തിന്റെ ആ അനുഭവമാണ് ഒരു വ്യക്തിയെ നന്മ ചെയ്യുന്നതിൽ തീഷ്ണത ഉള്ളവനാക്കി തീർക്കുന്നത്.* ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു എന്ന് പൗലോസ് ശ്ലീഹാ പറയുന്നതും അതുകൊണ്ടാണ്. അപ്രകാരം ദൈവസ്നേഹത്തിൽ ആഴപ്പെടാനും ദൈവാത്മാവിന്റെ ശക്തി കൊണ്ട് നിറയാനും നാം പരിശ്രമിക്കുമ്പോൾ അവിടെ നന്മ ചെയ്യുന്നതിൽ തീഷ്ണതയുള്ള ഒരു സമൂഹമായി നാം രൂപാന്തരപ്പെടുകയാണ്.

ശിഷ്യന്മാർ ആത്മാവിന്റെ ശക്തികൊണ്ട് നിറഞ്ഞപ്പോഴാണ് അവർ ദൈവരാജ്യനന്മ അനേകരിലേക്ക് വ്യാപിപ്പിച്ച് ദൈവരാജ്യം വളർത്തിയത്. അപ്പോൾ ദൈവരാജ്യത്തിലെ നന്മകളെല്ലാം വളരുന്നത് ദൈവാത്മാവ് നമ്മിൽ ശക്തിപ്പെടുമ്പോഴാണ്. ദൈവാത്മാവ് നമ്മളിൽ ശക്തിപ്പെടാത്തതിന്റെ കാരണങ്ങളാണ് പാപവും പാപസാഹചര്യങ്ങളും. അതുപോലെ ദൈവാത്മാവിന് ഇഷ്ടമില്ലാത്ത ജീവിതരീതികൾ അഥവാ ജഡത്തിന്റെ പ്രേരണയാൽ ഉള്ള ജീവിതരീതികൾ ദൈവാത്മാവിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നില്ല എന്നതാണ് നാം മനസ്സിലാക്കേണ്ടത്.

ഗലാത്യാക്കാർക്ക് എഴുതിയ ലേഖനം 5-ാം അധ്യായം 13 മുതലുള്ള വചനങ്ങൾ വായിക്കുമ്പോൾ നമുക്ക് കാണാനായി സാധിക്കും അവിടെ ജഡത്തിന്റെ പ്രേരണയും ആത്മാവിന്റെ പ്രേരണയും - ഇവ രണ്ടും പരസ്പരം എതിരാണ്. **ഗലാത്യർ 5:16** "നിങ്ങൾ ആത്മാവിൽ നടക്കുന്നവരായിരിക്കണം. ജഡത്തിന്റെ മോഹം ഒരു കാലത്തും നിർവ്വഹിക്കരുത്. എന്തെന്നാൽ ആത്മാവിനു ദോഷകരമായിട്ടുള്ളതാണ് ജഡം ആഗ്രഹിക്കുന്നത്." അപ്പോൾ വേണ്ട രീതിയിൽ നന്മ ചെയ്യാൻ സാധിക്കാതെ പോകുന്നതിന്റെ കാരണം അവിടെ ജഡത്തിന്റെ പ്രേരണ ഉണ്ടാകുന്നതുകൊണ്ടാണ്.ആത്മാവിന്റെ പ്രേരണങ്ങൾക്ക് നാം ചെവി കൊടുക്കുന്നില്ല അഥവാ നമ്മെ തന്നെ സമർപ്പിക്കുന്നില്ല.

ആത്മാവ് നമ്മളിൽ കൂടുതൽ കൂടുതൽ ശക്തിപ്പെടാൻ **പല മാർഗങ്ങൾ കർത്താവ് പറയുന്നുണ്ട്** അതിൽ ഒന്നാമത്തെ മാർഗ്ഗമാണ് ചോദിക്കുവിൻ, ദാഹിക്കുവാൻ യോഹന്നാൻ ഏഴാം അദ്ധ്യായം 37 മുതൽ 40 വരെയുള്ള വചനങ്ങൾ, ലൂക്കോസ് പതിനൊന്നാം അദ്ധ്യായം 5 മുതൽ 13 വരെയുള്ള വാക്യങ്ങൾ എന്നിവയിൽ എല്ലാം ആത്മാവിനു വേണ്ടി ചോദിക്കുവിൻ എന്ന് പറയുന്നു. **വി.യോഹന്നാൻ 7:37,38** " ഒരുവന് ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ - എന്നിൽ വിശ്വസിക്കുന്നവന്റെ ഉദരത്തിൽ നിന്നും- തിരുവെഴുത്തു പറയും പോലെ- ജീവജല നദികൾ പ്രവഹിക്കും" **വി.ലൂക്കോസ് 11:10** " എന്തെന്നാൽ യാചിക്കുന്ന ഏവനും പ്രാപിക്കും, അന്വേഷിക്കുന്നവൻ കണ്ടെത്തും, മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യും" അതുപോലെ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ, **പ്രക്സീസ് രണ്ടാം അദ്ധ്യായം 38,39** വാക്യങ്ങളിൽ വി. പത്രോസ് ശ്ലീഹ പറയുന്നു " നിങ്ങൾ അനുതപിപ്പിൻ. പരിശുദ്ധാത്മ ദാനം നിങ്ങൾ സ്വീകരിക്കുവാനായി, പാപങ്ങളുടെ മോചനത്തിന് ഓരോരുവനും കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ". നിങ്ങൾ പശ്ചാത്തപിക്കുവിൻ, ദൈവാത്മാവിന്റെ ദാനങ്ങൾ നിങ്ങൾക്ക് ലഭിക്കും. അനുതാപത്തിലൂടെ... നല്ല പശ്ചാത്താപത്തിലൂടെ ദൈവ സ്നേഹത്തിലേക്ക് വരാനും ദൈവാത്മാവിൽ നിറയാനും ദൈവാത്മാവിനു വേണ്ടി ദാഹിച്ചു പ്രാർത്ഥിക്കാനും ദൈവാത്മാവിന്റെ നിറവുണ്ടാവാൻ ഉപവസിച്ചു പ്രാർത്ഥിക്കാനുമെല്ലാം നമുക്ക് സാധിക്കണം. അങ്ങനെ നാം ആന്തരികമായി ദൈവാത്മാവ് കൊണ്ട് നിറയെപ്പെടുമ്പോഴാണ് നന്മ ചെയ്യാനായി തീക്ഷ്ണതയുള്ള ഒരു സമൂഹമായി നാം മാറുന്നത്.

അതുകൊണ്ട് നന്മ ചെയ്യുന്നതിൽ അലസരാകാതെ പരിശുദ്ധാത്മ കൃപയാൽ പ്രവർത്തനനിരതമായ ഒരു ക്രിസ്തീയ ജീവിതം നയിച്ച് ദൈവീക ശോഭയുള്ളവരായി ഈ ലോകത്തിനു മുന്നിൽ ജ്യോതിസ്സുകളായി വിളങ്ങുവാൻ സ്വർഗ്ഗത്തിലെ ദൈവം നമ്മെ എല്ലാം സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ദൈവനാമം മഹത്വപ്പെടട്ടെ.

--------------------------------------- ---

**പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.**

- **വി. മത്തായി 5:16**
" മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടിട്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ പുകഴ്ത്തുവാൻ തക്കവണ്ണം നിങ്ങളുടെ പ്രകാശം അവരുടെ മുമ്പിൽ വിളങ്ങട്ടെ "

- **2 തെസ്സലോനിക്യർ 3:14**
" എന്റെ സഹോദരന്മാരേ, നന്മ ചെയ്യുന്ന കാര്യത്തിൽ നിങ്ങൾക്കു മടുപ്പു തോന്നരുത് "

- **1 പത്രോസ് 2:15**
" നിങ്ങൾ നന്മ ചെയ്തു കൊണ്ട്, ദൈവത്തെ അറിയാത്ത ഭോഷന്മാരുടെ വായടയ്ക്കണം എന്നുള്ളതാണ് ദൈവത്തിന്റെ ഇഷ്ടം"

- **സദൃശവാക്യങ്ങൾ 3:27**
" നന്മ ചെയ്യുവാൻ നിനക്കു കഴിവുള്ളപ്പോൾ അതിന് അർഹരായവർക്കു അതു ചെയ്യാതിരിക്കരുത് "

Kottayam Diocese Kottayam Diocese Kottayam Diocese

- **സങ്കീർത്തനങ്ങൾ 37:3**
"കർത്താവിൽ ആശ്രയിച്ചു നന്മചെയ്ക; ഭൂമിയിൽ വസിച്ചു വിശ്വാസത്തെ അന്വേഷിക്കുക "

- **തീത്തോസ് 2:6**
" എല്ലാ കാര്യത്തിലും എല്ലാ സൽപ്രവൃത്തികളിലും നീ നിന്നെത്തന്നെ മാതൃകയായി കാണിച്ചു കൊടുക്കണം"

- **2 കോരിന്ത്യർ 5:10**
" എന്തെന്നാൽ നന്മയാകട്ടെ തിന്മയാകട്ടെ ഓരോരുത്തൻ ചെയ്തിട്ടുള്ളതിന് അവന്റെ ശരീരത്തിൽ പ്രതിഫലം പ്രാപിക്കുവാനായി നാം എല്ലാവരും മ്ശീഹായുടെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കുവാനുള്ളവരാകുന്നു"

- **കൊലോസ്യർ 3: 23, 24**
അപ്പോസ്തോലൻ ആവർത്തിക്കുന്നുണ്ട് "നിങ്ങൾ ചെയ്യുന്നതെല്ലാം പൂർണമനസ്സോടെ ചെയ്യുവിൻ. നിങ്ങൾ നമ്മുടെ കർത്താവിൽ നിന്നും അവകാശത്തിൻ പ്രതിഫലം പ്രാപിക്കുമെന്ന് അറിഞ്ഞു കൊള്ളണം"

Kottayam Diocese Kottayam Diocese Kottayam Diocese

**https://mjssakottayamdiocese.com/kalolsavam**

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Junior | **01.01.2013 to 31.12.2016** | 4 Minutes | 100 |

| Scoring Indicators | Marks | | Scoring Indicators | Marks |
|---|---|---|---|---|
| ആമുഖം | 5 | | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.ജോർജ്ജ് എം.ജേക്കബ് കരിപ്പാൽ പുത്തൻപുരയിൽ, റവ.ഫാ.അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള രണ്ട് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com/kalolsavam

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

## A. ആരാധനാഗീതം മലയാളം

### ശുബ്ക്കോനോ ശുശ്രൂഷ

---------------

**Song No: 20**

പാ-പം-ചെയ്തേൻ.. https://youtu.be/w5UFhbMUIQY

**Song No: 21**

സ്നേഹത്തരുവേ! നീ.. https://youtu.be/kerKj-IsIYE

**Song No: 22**

കല്പനകാപ്പാനന്യോന്യം.. https://youtu.be/2iwiCJUiYqg

**Song No: 23**

ഈശാ! നാഥാ! വരിക.. https://youtu.be/xUtoAZ39aww

### ഊശാന പെരുന്നാൾ

--------------

**Song No: 24**

യേറുശലേമേറുന്നോനെ.. https://youtu.be/8DWgbBojPwE?si=gsREWCZgaQolTznk

**Song No: 25**

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ.. https://youtu.be/ht32Sz4w5_w

### കാൽകഴുകൽ ശുശ്രൂഷ

--------------

**Song No: 26**

ഭയമൊടുസ്രാ- പ്പികൾ.. https://youtu.be/0a7L2Q7PLSY

**Song No: 27**

ഈറയസേവിതനുടയോനേ.. https://youtu.be/XZUpu66y-M0

**Song No: 28**

സ്നേഹത്തൊടു വിശ്വാസത്തിൻ.. https://youtu.be/CH_Mz1O_W-4

**Song No: 29**

അപ്പൊസ്തോലർ - പന്തിയിരിപ്പാൻ.. https://youtu.be/B0zf2Hdlg7Y

**Song No: 30**

ശിഷ്യരുമായെത്തി - മാളികയിൽ.. https://youtu.be/urFuv6LSCXk

## ദുഃഖവെള്ളി ( വലിയ വെള്ളി )

---------------

**Song No: 31**

സീയോനിൽ - തരുവിൽ ക്രൂശേറ്റോ-നേ.. https://youtu.be/KdJ1LoDnUUo

**Song No: 32**

ദേവേശാ! - മശിഹായേ! സ്ലീബാ.. https://youtu.be/eBoY8XfhZRA

**Song No: 33**

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും.. https://youtu.be/gEOvO3ViOJQ

**Song No: 34**

ദേ-വാ മശിഹാ! മാനവരേ.. https://youtu.be/TMATI7PUtCM

**Song No: 35**

ആ സമയം ദയനീ-യം.. https://youtu.be/gX_Z_hN3FSs

## ഉയിർപ്പ് പെരുന്നാൾ

---------------

**Song No: 36**

മോദം ഭൂസ്വർഗ്ഗങ്ങൾ.. https://youtu.be/ITPtZHZ4-Gw

## പെന്തിക്കോസ്തി പെരുന്നാൾ

--------------

**Song No: 39**

സത്യമതാം-വാഗ്ദത്തം.. https://youtu.be/JVuhCTRJzIA

**Song No: 40**

റൂഹ്ക്കുദിശാ-യവരോഹം.. https://youtu.be/m7s4lhWE6Il

**Song No: 41**

ഈശാ-നാഥാ! വാരപ്പെരുന്നാളാ.. https://youtu.be/aMK7m8EYRlk

## പുരുഷന്മാരുടെ ശവസംസ്ക്കാരം

--------------

**Song No: 75**

ആദമിലാ-രംഭി- ച്ഛായതമായ്.. https://youtu.be/_iT1eCjWOAQ

https://youtu.be/iQISoXSy7Ns

**Song No: 76**

ന്യായാധിപ നാഥാ!.. **https://youtu.be/leBmaPTOFpM**

**Song No: 77**

ഉ-ത്ഥാനദിനേ- മൃതജനത.. **https://youtu.be/xMlHn4NoVxE**

**Song No: 78**

സോദരരേ-കൂടിൻ.. **https://youtu.be/AjnBE349xTw**

**Song No: 79**

ധന്യൻമശിഹാ! വാക്കാൽ.. **https://youtu.be/XCHLSG-BTPA**

**Song No: 80**

നിൻശരണേ മൃതനാം-ദാസ.. **https://youtu.be/0hY-CsAqMEU**

സ്ത്രീകളുടെ ശവസംസ്ക്കാരം

**--------------**

**Song No: 82**

പടുവൃദ്ധതയിൽ കാനാനിൽ.. **https://youtu.be/dFsj_07r6Xg**

**Song No: 83**

നാ-ഥാ! മൃതയാ-മീ ദാസിക്കേ.. **https://youtu.be/k2Tc-iJVAN8**

**Song No: 84**

ഇരുലോകത്തും- മേവുന്നേ.. **https://youtu.be/BVfu5gapunY**

കുട്ടികളുടെ ശവസംസ്ക്കാരം

**---------------**

**Song No: 85**

അല്പായുസ്സിൽ കറതീ-ണ്ടോ.. **https://youtu.be/CbcEq3BMAyI**

**Song No: 86**

പ്രളയം ഭൂമിയിലുളവാകും.. **https://youtu.be/pmKvkKxVEzk**

**Song No: 87**

സ്നേഹ-ത്താലെത്തി - കുരിശാൽ.. **https://youtu.be/JA3hkymsMi0**

**@avinesh thandasseril, Director**

## B. ആരാധനാഗീതം സുറിയാനി

### ശുബ്ക്കോനോ ശുശ്രൂഷ

-------------

**Song No: 20**

ഹ്ത്തീസ് ലോക്ക് ഹോയെൻ.. https://youtu.be/5RWWoEe_Wo4

**Song No: 21**

ഓ ഹൂബോ ക്മോ.. https://youtu.be/Z0lbvzXbzM0

**Song No: 22**

ആഹായ് നാഹേബ് ലഹ്ദോദെ.. https://youtu.be/r-dy8YGEUro

### ഊശാന പെരുന്നാൾ

-------------

**Song No: 24**

ഒമറീൻ സോബേ ലത്.. https://youtu.be/IxS4kQonJ4c

### കാൽകഴുകൽ ശുശ്രൂഷ

-------------

**Song No: 26**

ഹാവ് ദസ്റോഫെ ബ്ദേഹ്.. https://youtu.be/LKSuCeTdxA0

**Song No: 28**

കുൽ ഐനോ ഢ്ലോ.. https://youtu.be/aSS3ViWjEo0

**Song No: 29**

എസ്ക് ഗൂദോ ദ്ശ്ലീഹൂസോ.. https://youtu.be/uJNJjU08aTE

**Song No: 30**

എത്കാനാശ് റാബോ.. https://youtu.be/uTyX_Q4avm4

### ദുഃഖവെള്ളി ( വലിയ വെള്ളി )

--------------

**Song No: 31**

ഹവ് ദെ- സ്തേലേബ്.. https://youtu.be/x1FMUNfZ6-g

**Song No: 33**

ലമ്ശീഹോ ദ് എസ്തറിമം.. https://youtu.be/HKcTXID7w4M

പുരുഷന്മാരുടെ ശവസംസ്ക്കാരം

**--------------**

**Song No: 78**

**എസ്കാനാശ് ആഹായ്.. https://youtu.be/_Piue1GMxDA**

സ്ത്രീകളുടെ ശവസംസ്ക്കാരം

**--------------**

**Song No: 82**

**മീസസ് സാറോ അഖ്.. https://youtu.be/t1RgA999-Sw**

കുട്ടികളുടെ ശവസംസ്ക്കാരം

**--------------**

**Song No: 86**

**മെൻ ക്ദോം ദ് നെഹ്.. https://youtu.be/Av5fr-_6TDI**

**Website**

**https://www.mjssakottayamdiocese.com**

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**------------------------**

2025 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളാണ് ഇതൊടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു. ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ ഈ ലിങ്കും യൂട്യൂബ് വീഡിയോകളും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...


**അവിനേഷ് തണ്ടാശ്ശേരിൽ**

ഭദ്രാസന ഡയറക്ടർ

**9061200790**





AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE


https://mjssakottayamdiocese.com/kalolsavam